പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1909 08.06.2018-ലെ മറുപടിക്ക്

## മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (എ) | മൂവാറ്റുപുഴ വാണിജ്യ സമുച്ചയത്തിന്റെ സിവിൽ പ്രവൃത്തികളുടേയും, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തീകരിച്ചു കഴിഞ്ഞു. അഗ്നി സുരക്ഷാ ജോലികൾക്കായി ടെൻഡർ ക്ഷണിച്ച് എഗ്രിമെന്റ് വെച്ചു കഴിഞ്ഞു. പണി ഉടൻ തുടങ്ങുന്നതാണ്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്യാരേജിന്റെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞു. |
| (ബി) | പ്രസ്തുത ഡിപ്പോ പ്രവർത്തിക്കാത്തത് കാരണം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>യാർഡിന്റെ ടെൻഡർ വിളിച്ച് അനുബന്ധ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ